# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെല്ലാം മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാഭ്യാസരംഗത്ത് നടന്നുവരുന്നു. അതിന്റെ ഭാഗമായി ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി, ഓരോ വിദ്യാലയവും വരും വർഷങ്ങളിൽ എന്തെല്ലാം പദ്ധതികളിലൂടെ പ്രവർത്തനങ്ങളിലൂടെ മികവിന്റെ കേന്ദ്രങ്ങളായി മാറും എന്നാണ് അക്കാദമിക മാസ്റ്റർപ്ലാനിലൂടെ വ്യക്തമാക്കുന്നത്.

വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതി നേടുക എന്നതാണ്. വിദ്യാഭ്യാസം എന്നത് കേവലം അറിവ് മാത്രമല്ല ഒരു വ്യക്തിയുടെ സർവ്വതോമുഖമായ വികാസം കൂടിയാണ്.

സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസരംഗത്ത് പുത്തൻ ഉണർവ്വ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമികരംഗത്തും ഏറെനേട്ടങ്ങൾ കൈവരിച്ചു.

അക്കാദമിക നിലവാരവും ഭൗതിക നിലവാരവും മെച്ചപ്പെട്ടതോടെ കുട്ടികൾ എണ്ണം കൂട്ടുവാൻ സാധിച്ചു. ഓരോ കുട്ടിയെയും പരിഗണിച്ചും മനസ്സിലാക്കിയും ഒന്നിച്ചു ചേർത്തുമുള്ള വിദ്യാഭ്യാസം കൂടുതൽ മികവിലേക്ക് വിദ്യാലയത്തെ ഉയർത്താൻ സാധിച്ചു. SMC, പൂർവ്വ

വിദ്യാർത്ഥികൾ, സമൂഹത്തിലെ പ്രമുഖരായ വ്യക്തികൾ, പഞ്ചായത്ത്, അധ്യാപകർ എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ വിദ്യാലയത്തിലെ ഉന്നതിയിലേക്ക് കൊണ്ടുവരാൻ സാധിക്കുന്നു.

## നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

നിലവിൽ ഞങ്ങളുടെ സ്കൂളിൽ എൽപി വിഭാഗത്തിൽ 70 കുട്ടികളാണ് പഠിക്കുന്നത്. വരും വർഷങ്ങളിൽ ഓരോ ക്ലാസ്സിലും (1-4) 20 കുട്ടികൾ വരെ എത്തിക്കണമെന്നാണ് കരുതുന്നത്.

(1) പിന്നോക്കക്കാർക്ക് പ്രത്യേകം ക്ലാസ്സ്.

ജൂൺ അവസാനത്തോടെ പിന്നോക്കത്തിലുള്ളവരെ കണ്ടെത്തി ക്ലാസ്സുകൾ നടത്തുന്നു.

GROUP ACTIVITY

(2) ഗ്രൂപ്പ് പ്രവർത്തനം:

കുട്ടികളെ ഗ്രൂപ്പാക്കുന്നു. തമ്മിൽ തമ്മിൽ പഠനം നടത്തുന്നു.

KNOWLEDGE HUNT

(3) പൊതുവിജ്ഞാന ബോർഡിൽ ഓരോ G.K question ഓരോ ദിവസവും എഴുതുന്നു. കുട്ടികൾ G K bookൽ എഴുതി എടുക്കുന്നു. മാസത്തോറും GK പരീക്ഷ നടത്തുന്നു.

VOCABULARY CORNER

(4) ഓരോ ദിവസവും ഓരോ ഇംഗ്ലീഷ് word എഴുതി പ്രദർശിപ്പിക്കുന്നു. അതിന്റെ അർത്ഥം ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിക്കുന്നു.

ICT @ school

(5) ഓരോ ക്ലാസ്സിലും ആഴ്ചയിൽ ഒരു ദിവസം ICT ക്ലാസ്സായി വിനിയോഗിക്കുന്നു. അതിന് Exam ഉം നടത്തുന്നു.

. സർഗാത്മക പഠനം

(6) ആഴ്ചയിൽ വെള്ളിയാഴ്ച last period കുട്ടികളുടെ സർഗ്ഗശേഷികൾക്കായി വിനിയോഗിക്കുന്നു.

(7) Our little scholar

LSS കുട്ടികളെ തിരഞ്ഞെടുത്ത് കുട്ടികൾക്ക് വേണ്ട പരിശീലനം കൊടുക്കുന്ന പ്രവർത്തനം.

(8) Our days celebration

വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സാമൂഹിക ഇടപെടലുകളോടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

(9) കൂട്ടുകാരു മനസ്സിനൊപ്പം

സ്കൂളിലെ മുഴുവൻ കുട്ടികളുടെയും വീട് സന്ദർശിച്ച് കുട്ടികളുടെ ജീവിത സാഹചര്യം തിരിച്ചറിയാനുതകുന്ന പദ്ധതി ആവിഷ്കരിച്ചു.

(10) ഹിന്ദി പഠനം

സ്കൂളിലെ 1 മുതൽ 4 വരെ ക്ലാസ്സിലെ കുട്ടികളെ ഹിന്ദി അക്ഷരമാലകൾ പഠിപ്പിക്കുന്ന പദ്ധതി.

(11) ലൈബ്രറി പുസ്തക വായന

കുട്ടികൾക്ക് ലൈബ്രറി പുസ്തകം നൽകുകയും കുറിപ്പ് തയ്യാറാക്കി പതിപ്പ് തയ്യാറാക്കുന്ന പദ്ധതി. Birth day ക്ക് മിഠായി കൊണ്ടുവരുന്നതിനു പകരം ലൈബ്രറിയിലേക്ക് പുസ്തകം നൽകാൻ നിർദ്ദേശിക്കുന്നു.

(12) ന്യൂട്രീഷൻ ഗാർഡൻ

കുട്ടികളുടെ സഹകരണത്തോടെ സ്കൂളിൽ ന്യൂട്രീഷൻ ഗാർഡൻ തുടങ്ങുന്നു.

(13) അഭിരുചിക്കൊരു കൈത്താങ്ങ്

കുട്ടികളുടെ സർഗ്ഗാത്മകശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി കുട്ടികളുടെ അഭിരുചി മനസ്സിലാക്കി നിർമാണ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നു. കൂടാതെ കല ഗണിത - ശാസ്ത്ര പ്രവൃത്തി പരിചയങ്ങളിൽ കുട്ടികളെ [illegible] നൽകുന്നു.

| | |
|---|---|
| സ്കൂളിന്റെ പേര് | ഗവ. ഫിഷറി എൽ പി എസ് മണപ്പുറം. |
| വിലാസം | മണപ്പുറം. P.O<br>ചേർത്തല<br>ആലപ്പുഴ<br>688526 |
| ഫോൺ നമ്പർ | |
| സ്കൂൾ കോഡ് | 34301 |
| വിദ്യാഭ്യാസ ഉപജില്ല | തുറവൂർ |
| വിദ്യാഭ്യാസ ജില്ല | ചേർത്തല |
| റവന്യൂ ജില്ല | ആലപ്പുഴ |
| ബി.ആർ.സി | തുറവൂർ |
| സി.ആർ.സി | തൈക്കാട്ടുശ്ശേരി |
| ഗ്രാമപഞ്ചായത്ത് | തൈക്കാട്ടുശ്ശേരി |
| ബ്ലോക്ക് പഞ്ചായത്ത് | തൈക്കാട്ടുശ്ശേരി |
| ജില്ലാ പഞ്ചായത്ത് | ആലപ്പുഴ |
| താലൂക്ക് | ചേർത്തല |
| ഇ.മെയിൽ | 34301thuravoor@gmail.com |
| സ്കൂൾ വിക്കി | ആലപ്പുഴ, തുറവൂർ. |

## ചുമതലകളും അധ്യാപകരും.

| | |
|---|---|
| പ്രധാന അധ്യാപിക | : ശ്രീമതി. ആശ. ആർ |
| സീനിയർ അസിസ്റ്റന്റ് | : ശ്രീ. തിലകൻ. പി |
| സ്റ്റാഫ് സെക്രട്ടറി | : ശ്രീ. തിലകൻ. പി |
| എസ്. ആർ. ജി കൺവീനർ | : ശ്രീമതി. പ്രിയങ്ക. വി. പി |
| കലാമേള | : ശ്രീമതി. ദീജ. ആർ. വി |
| കായികമേള | : ശ്രീ. തിലകൻ. പി |
| ജാഗ്രതാ സമിതി | : ശ്രീ. തിലകൻ. പി |
| ക്ലബ് | : ശ്രീ. തിലകൻ. പി |
| ഉച്ചഭക്ഷണം | : ശ്രീ. തിലകൻ. പി |
| ശുചിത്വം | : ശ്രീമതി. ദീജ. ആർ. വി |
| ഒരു പിടി നന്മ | : ശ്രീമതി. പ്രിയങ്ക. വി. പി |
| പഠനയാത്ര | : ശ്രീമതി. പ്രിയങ്ക. വി. പി |
| പ്രവൃത്തി പരിചയം | : ശ്രീമതി. ദീജ. ആർ. വി<br>ശ്രീമതി. പ്രിയങ്ക. വി. പി |
| ക്വിസ് | : ശ്രീമതി. പ്രിയങ്ക. വി. പി |
| കോർണർ പി ടി എ | : ശ്രീ. തിലകൻ. പി |
| ലൈബ്രറി | : ശ്രീമതി. പ്രിയങ്ക. വി. പി |
| ആരോഗ്യം | : ശ്രീമതി. ദീജ. ആർ. വി |
| ബാലസഭ | : ശ്രീമതി. ദീജ. ആർ. വി |
| അച്ചടക്കം | : അസംബ്ലി - ക്ലാസ് ചാർജ് |
| എൽ എസ് എസ് | : നാലാം ക്ലാസ് |
| വാർഷികം | : ശ്രീ. തിലകൻ. പി |

## മികവുകൾ

* പി ടി എ, എസ് എസ് ജി അവാർഡ് – ഉപജില്ലാതലം
  പഞ്ചായത്ത് തലം
* കുട്ടികളുടെ പാർക്ക് –
* സ്കൂൾ ലൈബ്രറി
* പച്ചക്കറിത്തോട്ടം
* പ്രവൃത്തിപരിചയ പരിശീലനം
* ഹിന്ദി പരിശീലനം
* കൃഷിത്തോട്ടം
* ഔഷധസസ്യോദ്യാനം
* ഭവനസന്ദർശനം
* എൽ എസ് എസ് പരിശീലനം.

## പരിമിതികൾ

* കളിസ്ഥലം
* ഓഡിറ്റോറിയം
* ഹൈടെക് ക്ലാസ്റൂം
* കമ്പ്യൂട്ടർ ലാബ്
* റിസോഴ്സ് റൂം
* ഡൈനിംഗ് ഹാൾ

ആലപ്പുഴ ജില്ലയിൽ ചേർത്തല വിദ്യാഭ്യാസ ജില്ലയുടെ കീഴിലുള്ള തുറവൂർ ഉപജില്ലയിലെ ഗവ. ഫിഷറി എൽ പി സ്കൂൾ മണപ്പുറം തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ ആറാം വാർഡിൽ സ്ഥിതി ചെയ്യുന്നു.

1919-ൽ സ്ഥാപിതമായിട്ടുള്ളതാണ് ഈ വിദ്യാലയം. മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനായി അടിനാട്ടിൽ കുഞ്ഞൻ എന്ന വ്യക്തി സർക്കാരിന് സംഭാവന ചെയ്ത സ്ഥലത്ത് ആയിരത്തിതൊള്ളായിരത്തി പത്തൊമ്പതിൽ ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടു. ആദ്യകാലം മുതൽ ഒന്നു മുതൽ അഞ്ച് വരെ രണ്ട് ഡിവിഷൻ വീതം ക്ലാസുകൾ ഉണ്ടായിരുന്നു. വിദ്യാലയത്തിന് സമീപമുള്ള മത്സ്യത്തൊഴിലാളികളുടേയും കർഷക തൊഴിലാളികളുടേയും കയർതൊഴിലാളികളുടേയും കുട്ടികളാണ് ഈ വിദ്യാലയത്തിൽ കൂടുതലും പഠിച്ചിരുന്നത്. ആദ്യകാലങ്ങളിൽ ഭൗതിക സാഹചര്യത്തിന്റെ കുറവ് വിദ്യാലയത്തിനുണ്ടായിരുന്നു. വർഷങ്ങൾ കടന്നു പോവുകയും സമീപ പ്രദേശങ്ങളിൽ മാനേജ്മെന്റ് സ്കൂളുകൾ വന്നതോടുകൂടി കുട്ടികളുടെ എണ്ണം കുറയുകയും അഞ്ചാം തരം വരെ ഉണ്ടായിരുന്ന ക്ലാസുകളിൽ നിന്നും അഞ്ചാം ക്ലാസ് ഒഴിവാക്കുകയും തുടർന്ന് ഒന്നു മുതൽ നാല് വരെ ഉള്ള ക്ലാസുകൾ പ്രവർത്തിച്ചു വരുകയും ചെയ്തു. രണ്ടായിരത്തി മൂന്നിൽ പാം ഫൈബർ ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹായത്തോടു കൂടി പ്രീ-പ്രൈമറി വിഭാഗം ആരംഭിക്കുകയും കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുകയും ചെയ്തു. മികച്ച അധ്യാപനത്തിലൂടെ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന

ഗവൺമെന്റ് സ്കൂളുകളിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയം എന്ന ഖ്യാതിയോടു കൂടി ഗവ. ഫിഷറി എൽ പി സ്കൂൾ നിൽക്കുന്നു.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി ചിന്തുന്ന | സാമ്പത്തികം |
| --- | --- | --- | --- |
| * ഭാഷാപരമായ പിന്നോക്കാവസ്ഥ (എഴുത്ത്, വായന) മലയാളത്തിലും മധുരം മലയാളം | * പ്രീടെസ്റ്റ് വിശകലനം<br>കുട്ടികളുടെ മുന്നറിവ് പരിശോധിക്കുന്നു<br>* അക്ഷരകാർഡ്, പദകാർഡ് നിർമ്മാണം<br>* സംയുക്ത ഡയറി<br>മാതാപിതാക്കളുടെ സഹായത്തോടെ കുട്ടികൾ ഡയറി എഴുതുന്നു.<br>* സചിത്ര ഡയറി, സർഗാത്മക ഡയറി<br>സംയുക്ത ഡയറിയിൽ കുട്ടികൾ അവരുടെ മനസ്സിൽ പതിഞ്ഞ ആശയം ചിത്രരൂപത്തിൽ വരച്ചുചേർക്കുന്നു.<br>* അക്ഷരകാർഡ്, പദകാർഡ്<br>ദിനപത്രങ്ങളിലെ തലക്കെട്ടുകൾ പദകാർഡുകളായി ഉപയോഗിച്ചുകൊണ്ട് വാക്യനിർമ്മാണവും വായനയും<br>* ചിത്രവായന<br>* ക്ലാസ് ലൈബ്രറി ഒരുക്കൽ<br>* നിറയുന്ന ചാർട്ട്, വളരുന്ന വാക്യങ്ങൾ<br>ചാർട്ടുകളിലെ വ്യത്യസ്ത പദങ്ങൾ | വർഷാരംഭം | 5000/- |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി പിന്നുന്ന | സാധനങ്ങൾ |
|---|---|---|---|
| | ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു<br>* വീട്ടിലൊരു ലൈബ്രറി<br>കുട്ടികളുടെ വായനാശേഷി പരിപോഷിപ്പിക്കുന്ന ബാലമാസികകൾ, ചെറുകഥകൾ, കവിതകൾ ഉൾപ്പെടുന്ന ശേഖരം<br>മാതാപിതാക്കൾക്ക്, സഹോദരങ്ങൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വീട്ടിലെ ലൈബ്രറി വികസിപ്പിക്കുക.<br>* ക്ലാസ് പി.ടി.എ<br>* സർഗാത്മക ഡയറി<br>* രചനോത്സവം<br>* വായനോത്സവം<br>* കഥോത്സവം<br>* ഐ.സി.ടി സാധ്യത<br>* പത്രവായന, ഡയറി എഴുത്ത് | വർഷാവസാനം വരെ. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി<br>പിന്തുണ | സാമ്പത്തിക |
|---|---|---|---|
| എഴുത്ത് | * വായനാക്കുറിപ്പ്<br>* ആസ്വാദനക്കുറിപ്പ്<br>* വായനാകാർഡ് നിർമ്മാണം<br>* എഴുത്തുകാരെ പരിചയപ്പെടുത്തൽ<br>* ക്ലാസ് പതിപ്പ്<br>* . | 1 വർഷം | |
| അക്ഷരങ്ങൾ ഉറപ്പാക്കൽ ങ്ങളും (പിന്നോക്കക്കാർക്കും ഭിന്നശേഷിക്കാർക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ) | * ക്ലാസ്മുറി, ലൈബ്രറി പ്രത്യേക വായനാസാമഗ്രികൾ സജ്ജീകരിക്കൽ<br>* മണ്ണെഴുത്ത്<br>* അക്ഷരച്ചിത്രങ്ങൾ<br>* ICT ഉപയോഗം<br>* വായനാകാർഡ് അധ്യാപകർ തയ്യാറാക്കുന്നു. | 1 വർഷം | 5000/- |
| വായന | * വായനാക്കാർഡ്<br>* വായനലൈബ്രറി പുസ്തക വിതരണം<br>* പത്രവായന<br>* ബാലമാസിക വായന<br>* വായനക്കൂട്ടം,<br>* വീട്ടിൽ ഒരു ലൈബ്രറി | 1 വർഷം | 2000/- |

| | | | |
|---|---|---|---|
| | * വായനോത്സവം<br>* വിദ്യാരംഗം - കലാസാഹിത്യവേദി പ്രവർത്തനം<br>* അസംബ്ലിയിൽ വായന<br>* ഒരു ദിവസം - പൊതുവിജ്ഞാനം<br>* വായനക്കുറിപ്പ് അവതരണം<br>* കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക. | 1 വർഷം | |
| ുത്തുകാരനാകാൻ<br>ുത്തൽ | * മണ്ണെഴുത്ത് (മണ്ണിലെഴുതുന്നു)<br>* കണ്ടെഴുത്തും കേട്ടെഴുത്തും | | |

| Aim | Activites | Duration | Finan |
| --- | --- | --- | --- |
| evelope listening, eaking, Reading d writing skills. | * Language Games<br>* English Reading corner<br>* Word card, letter card, Sentence card<br>* English Assembly<br>* Description<br>* Role-play<br>* Conversation<br>* Add more lines<br>* Diary<br>* News reading<br>* E-cub English language | 1 year | 1000, |
| bility to enjoy ems and stories. | * E-cub langugge skills<br>* Library<br>* Story telling<br>* Story writing<br>* Add more lines<br>* Recitation<br>* Class Magazine, School Magazine<br>* Picture story<br>* Drawing and colouring | 1 year | 300 |

| | | |
|---|---|---|
| | * Introduce poets and writers<br>* English library at home.<br>* Rhymes.<br>* write title and captions to poem and stories. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പിന്തുണ/കാലാവധി | സാമ്പത്തി |
|---|---|---|---|
| 1 – 1000 വരെയുള്ള സംഖ്യാബോധം | * സംഖ്യാകാർഡുകൾ<br>* അബാക്കസ്<br>* മഞ്ചാടി സഞ്ചിയിലെ വസ്തുക്കൾ ഉപയോഗിച്ച് എണ്ണൽ, കൂട്ടങ്ങളാക്കൽ, സങ്കലനം, വ്യവകലനം<br>* സ്ഥാനവില പോക്കറ്റ്<br>* ഗണിതപ്പാട്ട്, ഗണിത കേളികൾ, പസിൽസ്<br>* പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം | 1 വർഷം | 1500/- |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | * സംഖ്യാക്കാർഡുകൾ<br>* ഗണിതക്വിസ്<br>* സങ്കലന, ഗുണന പട്ടികകൾ<br>* സങ്കലനം, വ്യവകലനം, ഗുണനം, ഹരണം<br>* പ്രയോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ<br>* ക്ലാസിൽ ഒരു ഗണിത മൂല<br>* ഡൈസ് കളി, സംഖ്യാചക്രം | | |
| ജ്യാമിതീയ രൂപങ്ങൾ കൃത്യമായി തിരിച്ചറി-ഞ്ഞ് അവയുമായി | * ജ്യാമിതീയ രൂപങ്ങളുടെ മാതൃകകൾ<br>* ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | | |

| | | | |
|---|---|---|---|
| ബന്ധപ്പെട്ട പ്രശ്നം നിർദ്ധാരണം ചെയ്യുന്നതിന് | * ജ്യാമിതീയ രൂപങ്ങൾ - നിറം നൽകൽ, മാതൃകകൾ നിർമ്മിക്കൽ, വിവിധ ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ.<br>* ICT സാധ്യത<br>* ഗണിതലാബ് | 1 വർഷം | |
| ഗണിതപഠനം സുഗമമാക്കാൻ ഗണിതത്തിൽ താൽപര്യം വളർത്തൽ | * ഗണിത പതിപ്പുകൾ - നിർമ്മിക്കൽ<br>* പാറ്റേൺ രൂപീകരണം<br>* ഗണിത മാഗസിൻ തയ്യാറാക്കൽ<br>* ഗണിത കേളികൾ - ക്യാമ്പ്<br>* ഗണിതപ്പാട്ട്<br>* ICT സാധ്യത<br>* ഗണിത കിറ്റ് ഉപയോഗം, തയ്യാറാക്കൽ - ഓരോ കുട്ടിക്കും | | 5000 |